# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4298** **17/12/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ നിയമനങ്ങൾ

**ചോദ്യം**

**ശ്രീ. കെ. വി. വിജയദാസ്**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഭരണപ്രതിസന്ധിയാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷൻ വിട്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കോർപ്പറേഷനിൽ ആകെ 86 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കോർപ്പറേഷൻ പ്രവർ ത്തിക്കുന്നതിനാവശ്യമായ മറ്റു തസ്തികകളിൽ കരാർ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ഏതെങ്കിലും ഉയർന്ന ജോലി ലഭിക്കുമ്പോൾ പ്രസ്തുത കരാർ ജീവനക്കാർ കോർപ്പറേഷനിലെ ജോലിയിൽ നിന്ന് വിട്ടുപോകുകയാണ് ചെയ്യുന്നത്. |
| (സി) | ഈ സർക്കാർ വന്നതിനുശേഷം ഇവിടെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ആകെ 453 പേർ ഡെപ്യൂട്ടേഷൻ/ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ സംവരണ തത്വം അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ? | (ഡി) | മേൽ സൂചിപ്പിച്ച നിയമനങ്ങൾ ഡെപ്യൂട്ടേഷൻ/ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ഉള്ളതാണ്. ഇപ്രകാരമുള്ള നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ